[redacted]

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷ പ്രതിരോധ കുത്തിവയ്പ് നൽകുന്ന പദ്ധതി - മാർഗ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ)നം. 2306/2014/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 2.9.2014.

പരാമർശം:

1. സംസ്ഥാന അറ്റോർണിയുടെ 8.7.2014 ലെ WP(C) No.14210/14 നമ്പർ ഫാക്സ് സന്ദേശം.
2. സ്പെഷ്യൽ ഗവ. പ്ലീഡർ ശ്രീമതി. ഗിരിജാ ഗോപാലിന്റെ 24.7.2014 ലെ WP(C) No.19005/14 /F4 നമ്പർ ഫാക്സ് സന്ദേശം.

ഉത്തരവ്

സംസ്ഥാനത്ത് തെരുവ്നായ ശല്യം വളരെ രൂക്ഷമായി മാറിക്കൊണ്ടിരിക്കുന്നു എന്നും ആയതിന് പരിഹാരം ഉണ്ടാകണമെന്നും ആവശ്യപ്പെട്ട് ചിലർ കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത വിഷയം സർക്കാർ വളരെ ഗൗരവത്തോടെ കാണുകയും തുടർന്ന് സർക്കാർ തലത്തിലും, അഡ്വക്കേറ്റ് ജനറലിന്റെ ചേംബറിലും വച്ച് ചർച്ച നടത്തുകയുമുണ്ടായി. വർദ്ധിച്ചു വരുന്ന തെരുവ്നായ ശല്യം നിയന്ത്രിക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമും പേവിഷബാധ പ്രതിരോധ കുത്തിവയ്പും തെരുവുനായക്കളിൽ നടത്തുന്നതിന് തീരുമാനിച്ചു. ഇതിനായി താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകൾ തെരുവുനായ്ക്കളിൽ വന്ധ്യംകരണവും, പേവിഷ പ്രതിരോധകുത്തിവയ്പും നടത്തുന്നതു സംബന്ധിച്ച് സന്നദ്ധ സംഘടനകൾ പ്രധാന വ്യക്തികൾ എന്നിവരെ പങ്കെടുപ്പിച്ച് 5.9.2014 ന് മുമ്പ് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളും സമാനമായ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

2. എ.ബി.സി. പ്രോഗ്രാം നടത്തുന്നതിൽ പ്രാവീണ്യമുള്ള സന്നദ്ധ സംഘടനകളിൽ നിന്നും Expression of Interest ക്ഷണിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കേന്ദ്ര മൃഗസംരക്ഷണ ബോർഡിന്റെ അംഗീകാരമുള്ള Humane Society Inernational India എന്ന സ്ഥാപനവുമായി ആവശ്യമെങ്കിൽ കൂടിയാലോചന നടത്തേണ്ടതാണ്.

4. തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണവും, പേവിഷ പ്രതിരോധ കുത്തിവയ്പും നടത്തി തിരികെ വിടുന്നതിന് മതിയായ തുക പഞ്ചായത്തുകൾ ഉൾപ്പടെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ വകയിരുത്തേണ്ടതാണ്/ കണ്ടെത്തേണ്ടതാണ്. അതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

5 എ.ബി.സി. പ്രോഗ്രാം നടത്തുന്നതിനായി കേന്ദ്ര മൃഗസംരക്ഷണ ബോർഡിൽ നിന്നുള്ള ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

6. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ 10 പഞ്ചായത്തുകൾ വീതമുള്ള ക്ലസ്റ്ററുകൾ രൂപീകരിച്ച് ബ്ലോക്ക് പഞ്ചായത്തിലുള്ള മൃഗഡോക്ടറുടെ സേവനം പ്രയോജനപ്പെടുത്തി എ.ബി.സി. പ്രോഗ്രാം നടത്തുന്നതിനും, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് നഗരസഭകളെ ഈ ക്ലസ്റ്ററുകളുടെ ഭാഗമാക്കുന്നതിനും സർക്കാർ ഉത്തരവാകുന്നു. ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നൽകേണ്ടതാണ്.)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകേണ്ടതാണ്.)
മേയർ, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷൻ
സെക്രട്ടറി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.